LIBRARY ARCHIVES Kerala Legislative Assembly

മുൻപ് അനുവദിച്ച 9 ഏക്കർ ഭൂമിയിൽ നിന്നും 5 ഏക്കർ ഭൂമി മാത്രം കെട്ടിട നിർമ്മാണത്തിന് അനുവദിച്ചിട്ടുള്ളതിനാൽ ആദ്യം നിർമ്മിക്കുവാൻ ഉദ്ദേശിച്ച സ്ഥലത്തുനിന്നും കെട്ടിടങ്ങൾ മാറ്റി ലൊക്കേറ്റ് ചെയ്യേണ്ടി വന്നതിനാൽ റിവൈസ് ചെയ്ത പ്ലാനും എസ്റ്റിമേറ്റും KSCC തയ്യാറാക്കി അംഗീകാരത്തിനായി ലഭ്യമാക്കിയിരിക്കുകയാണ്. ആയതിന് KIIFB-യുടെ അംഗീകാരം വാങ്ങി നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ്.

വെറ്റിലപ്പാറയിൽ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ

52(358) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി പഞ്ചായത്തിലെ വെറ്റിലപ്പാറയിൽ എക്സ്-സർവ്വീസ്മെൻ കോളനി സൊസൈറ്റി വിട്ടു നൽകിയ സ്ഥലത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

വെറ്റിലപ്പാറയിൽ എക്സ്-സർവ്വീസ്മെൻ കോളനി വിട്ടുനൽകിയ സ്ഥലത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഹോസ്റ്റൽ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഇതിനായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം തയ്യാറാക്കിയ എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഹോസ്റ്റൽ നിർമ്മിക്കുന്നതിനായി തൃശ്ശൂർ പി.ഡബ്ല്യു.ഡി. (ബിൽഡിംഗ് ഡിവിഷൻ) എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ 5.50 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും പരിഷ്കരിച്ച പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

സ്റ്റേറ്റ് മെഡിക് ഹോസ്റ്റൽ

53 (359) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഞ്ചേരി കവളങ്ങാട് സ്റ്റേറ്റ് മെഡിക് ഹോസ്റ്റൽ ആരംഭിക്കുന്നതിനുള്ള കെട്ടിടം പണി പൂർത്തിയായെങ്കിലും നാളിതുവരെയും പട്ടികജാതി, പട്ടികവർഗ്ഗക്കാരായ കുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം അനുവദിക്കാതെ അടച്ചിട്ടിരിക്കുന്നതിനാൽ ഹോസ്റ്റൽ പ്രവർത്തനമാരംഭിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?